# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: നമ്പർ: KSA PKD(9)/12/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 14/03/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നമ്പർ: KSA PKD(9)/12/2023 തീയ്യതി: 14/03/2023

## പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-11-2021 മുതൽ 17-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. പി.എസ്. സാബു | ഡെപ്യൂട്ടി ഡയറക്ടർ. | 19-12-2022 | 24-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-12-2022 | 24-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.യൂ.ബിജു ആന്റണി, ഓഡിറ്റ് ഓഫീസർ
ശ്രീ. എം.ശിവപ്രസാദ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. എസ്.എൽ. പദ്മകുമാർ, സീനി.ഗ്രേഡ്.ഓഡിറ്റർ
ശ്രീ. എ.മോഹനൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സതി രാമരാജൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ആന്റണി.സി | സെക്രട്ടറി | 01-04-2021 | 31-10-2021 |
| ശ്രീമതി. എം.ഡി.പ്രിൻസി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-11-2021 | 07-11-2021 |
| ശ്രീമതി.ജി.ജീമോൾ | സെക്രട്ടറി | 08-11-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഷിഫാന ഫാസിൽ | അസി.എഞ്ചിനീയർ | 01-04-2021 | 31-05-2021 |
| ശ്രീ.റഷീദ്. ഇ | അസി.എഞ്ചിനീയർ | 01-06-2021 | 01-07-2021 |
| ശ്രീമതി.സീന.പി.ബി. | അസി.എഞ്ചിനീയർ | 02-07-2021 | 27-12-2021 |
| ശ്രീമതി.റീന.വി. | അസി.എഞ്ചിനീയർ | 28-12-2021 | 03-03-2022 |
| ശ്രീജേഷ്.എം | അസി.എഞ്ചിനീയർ | 04-03-2022 | 31-03-2022 |
| ശ്രീമതി.പ്രിൻസി.എം.ഡി | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.നീതു ത്യാഗരാജ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.എസ്.രാംകുമാർ | വെറ്റിനറി സർജൻ | 01-04-2021 | 27-07-2021 |
| ഡോ.അപർണ | വെറ്റിനറി സർജൻ | 28-07-2021 | 30-10-2021 |
| ഡോ.എ.വി.ഷിബു. | വെറ്റിനറി സർജൻ | 31-10-2021 | 16-11-2021 |
| ഡോ.ഹെലന്ന. ടി.എം. | വെറ്റിനറി സർജൻ | 17-11-2021 | 31-03-2022 |
| ഡോ. സുനിൽ കുമാർ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2021 | 27-11-2021 |
| ഡോ.ലിൻസി. സി.ദാസ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 28-11-2021 | 09-01-2022 |
| ഡോ.സുനിൽ കുമാർ. കെ.വി | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 10-10-2021 | 31-03-2022 |
| ഡോ.ജസീല. | മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി) (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.നാരായണൻ കുട്ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. അദ്വൈത്.കെ.എ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 27-07-2021 |
| ശ്രീ. അഭിജിത്ത്.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 28-07-2021 | 02-11-2021 |
| ശ്രീമതി.ശാന്താമണി. ഇ.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 03-11-2021 | 31-03-2022 |
| ശ്രീമതി.അർച്ചന മുരളി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. രാജേഷ്. എസ്. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.മിനിക്കുട്ടി.സി.കെ | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |

-

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാല**ൻ**സ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-11 |
| 13 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചില്ല. | 1-12 |
| 14 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - അർഹമായ തുക വകയിരുത്തിയില്ല | 1-13 |
| 15 | സെക്രട്ടറിയുടെ ആർജിതാവധി പണമാക്കി മാറ്റിയ നടപടി - സർക്കാർ ഉത്തരവിനു വിരുദ്ധമായി കൈപ്പറ്റിയ തുക ക്രമീകരിക്കേണ്ടതാണ്. | 1-14 |
| 16 | ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ സിൽക്ക് എന്ന സ്ഥാപനത്തിൽ നിന്നും നിന്നും മിനിമാസ്റ്റ് ലൈറ്റ് വാങ്ങിയത് ക്രമപ്രകാരമല്ല | 1-15 |
| 17 | തെരുവ് വിളക്ക് പരിപാലനം-എല്ലാ വിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തേണ്ടതും സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് | 1-16 |
| 18 | ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതെ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയത് ക്രമവിരുദ്ധം | 1-17 |
| 19 | മുട്ടക്കോഴി വള**ർ**ത്ത**ൽ** ബില്ലുക**ൾ** ഹാജരാക്കിയില്ല | 1-18 |
| 20 | സബ്സിഡി തുക ന**ൽ**കിയത് ബില്ലുക**ൾ** പൂ**ർ**ണ്ണമായും ഹാജരാക്കേണ്ടതാണ് | 1-19 |
| 21 | ഹോമിയാ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങ**ൽ** - മരുന്നുക**ൾ** മുഴുവ**ൻ** ലഭ്യമായില്ല | 1-20 |
| 22 | മരാമത്ത് പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. | 1-21 |

| | | |
|---|---|---|
| 23 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല. | 1-22 |
| 24 | റോഡ് പ്രവൃത്തിയിൽ ക്വാറി മക്ക് വിരിക്കൽ മാത്രം ചെയ്തിരിക്കുന്നു.ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-23 |
| 25 | പ്രവൃത്തി നിർവ്വഹിച്ച് അളവ് എടുത്ത ശേഷം വളരെ വൈകി അടുത്ത സാമ്പത്തികവർഷം ബിൽ തുക നൽകിയിരിക്കുന്നു | 1-24 |
| 26 | വൃദ്ധർക്ക് കട്ടിൽ വിതരണം - ആർട്‌കോയിൽ നിന്നും നേരിട്ട് വാങ്ങിയത് | 1-25 |
| 27 | വൃദ്ധർക്ക് കട്ടിൽ പദ്ധതി വിവിധ നിരക്കിൽ കട്ടിലുകൾ വാങ്ങി | 1-26 |
| 28 | ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതെ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയത് ക്രമവിരുദ്ധം | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം 3-വർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

20-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 3/1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

26-03-2022 ലെ തീരുമാനം നം. 6/1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 3473729 |
| തൻവർഷം വരവ് | 297342000 |
| ആകെ വരവ് | 300815729 |
| ചെലവ് | 297500715 |
| നീക്കിയിരിപ്പ് | 3315014 |

യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നില്ല

2021-22 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| തൻവർഷത്തെ വരവ് | 297342000 | 117715467 |
| തൻവർഷത്തെ ചെലവ് | 297500715 | 102182994 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായി കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 27-08-2022 | - | - |

വാർഷിക കണക്ക് സമയപരിധിക്കകം സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9)

### 1-2-1 അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1. ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ

കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

2. ഫ്യുവൽ രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ എഴുതാത്തതിനാൽ വാർഷിക ധനകാര്യപത്രിക R&P Statement, Schedule RP-14 പ്രകാരമുള്ള ഇന്ധനചെലവ് (47077 രൂപ), മെയിന്റനൻസ് ചെലവ് (33018 രൂപ) എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

3. 2021-22 ൽ വിവിധ ബാങ്കുകളുടേയും ട്രഷറി അക്കൗണ്ടിന്റേയും റിക്കൺസലിയേഷൻ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17560422 |
| വരവ് | 117715467 |
| ആകെ | 135275889 |
| ചെലവ് | 102182994 |
| നീക്കിയിരിപ്പ് | 33092895 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 24221646 | 24221646 | 24197990 | 23656 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 6947559 | 6947559 | 5822542 | 1125017 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 2352243 | 2352243 | 1897339 | 454904 |
| മെയിന്റനൻസ്, റോഡ് | | 0 | 18435389 | 18435389 | 10590670 | 7844719 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 8232832 | 8232832 | 5962283 | 2270549 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic Grant | | 0 | 5359000 | 5359000 | 3423994 | 1935006 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic Grant (Spill Over) | | 0 | 310701 | 301701 | 225347 | 76354 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied | | 0 | 8038000 | 8038000 | 3609188 | 4428812 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied(spill Over) | | 0 | 4115749 | 4115749 | 181920 | 3933829 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 2724047 | 190000 | 2914047 | 1372000 | 1542047 |
| | ICDS | 608293 | 939969 | 1548262 | 1376997 | 171265 |
| | BRGF | 3760 | - | 3760 | - | 3760 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1080498 | - | 1080498 | 709555 | 370943 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 103914541 | 197 | 71943545 | - | 31 | 86 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകളുടേയും നടപ്പാക്കിയ പ്രോജക്റ്റുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 13 | 4406165 | 2957400 | 67 |
| വി.ഇ.ഒ | 22 | 18 | 30290465 | 17388657 | 57 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 6254850 | 5608574 | 90 |
| സെക്രട്ടറി | 35 | 27 | 10151739 | 7919344 | 78 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 111 | 97 | 33239215 | 25061725 | 75 |
| മെഡിക്കൽ ഓഫീസർ-PHC | 9 | 9 | 3266939 | 2675447 | 82 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 550000 | 550000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 6 | 5 | 2017594 | 1883000 | 93 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| അസി.സെക്രട്ടറി | 6 | 5 | 1978090 | 1484350 | 75 |
| വെറ്ററിനറി സർജ്ജൻ | 7 | 6 | 7690188 | 3642650 | 47 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 738000 | 191095 | 26 |
| ഹെഡ് മാസ്റ്റർ | 8 | 8 | 3131296 | 2381303 | 76 |
| ആകെ | 228 | 197 | 103914541 | 71943545 | 69 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 33148 | 1759091 | 1792239 | 1778568 | 13671 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 2236250 | 2236250 | 2236250 | |
| ആകെ | 33148 | 3995341 | 4028489 | 4014818 | 13671 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി | 5077600 | 256 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 30333400 | 1661 |
| വാർദ്ധക്യകാലപെൻഷൻ | 46532400 | 2853 |
| വികലാംഗപെൻഷൻ | 6277600 | 358 |
| 50വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1788800 | 94 |
| പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 180000 | 6 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-12-2022 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3.10 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31083/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2020-21 വരെ ലഭ്യമായിട്ടുണ്ട്. പിന്നീട് സർട്ടിഫിക്കേഷൻ പുതുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

എന്നാൽ ചില രസീതിബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കേരള ട്രഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്.

എല്ലാ പേയ്മെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ പലതിലും സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളിൽ ചില മാസങ്ങളിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല.

പഞ്ചായത്ത് മീറ്റിംഗിന് സകർമ്മ സോഫ്റ്റ്‌വെയറിലൂടെയാണ് മിനട്ട്സ് തയ്യാറാക്കുന്നത്.

തൻവർഷം മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം തയ്യാറാക്കിയിട്ടില്ല. വസ്തുനികുതി മാത്രമാണ് സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുള്ളത്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്.

മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ

അവശ്യം വേണ്ടുന്ന രേഖകൾ (അബസ്ട്രാക്ട് എസ്റ്റിമേറ്റ്, സെക്ഷൻ നോട്ടീസ്, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ മുതലായവ) പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2022 To 23.11.2022 | 10/2022 | 24.11.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.7.2005 മുതൽ 30.7.2005 വരെ | 1997 മുതൽ 2005 വരെ | 2.3.2006 |

1-11 വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

സഞ്ചയയിലെ നിലവിലെ ഡാറ്റാ എൻട്രി പ്രകാരം വസ്തു നികുതി കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടം നം. | ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | കുടിശ്ശികയായ വർഷം |
|---|---|---|---|
| 1 | 12/136 | സിജി, പാലക്കത്രപ്പടി, കാഞ്ഞിരം (ഓഡിറ്റോറിയം) | 2013-14 രണ്ടാം അർദ്ധവർഷം മുതൽ 2016-17 രണ്ടാം അർദ്ധവർഷം വരെ (അർദ്ധവർഷം 10174/- രൂപ) |
| 2 | 12/140 | സിജി/ജിജി പാലക്കത്രപ്പടി, കാഞ്ഞിരം (സിനിമ തിയേറ്റർ)) | 2013-14 മുതൽ 2017-18 വരെ (അർദ്ധവർഷം 5158/- രൂപ) |

ഓഡിറ്റ് അന്വേഷണം നമ്പർ 8/22-12-2022 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1, 2 എന്നീ സ്ഥാപനങ്ങൾ 2019-20 വരെ നികുതി കുടിശ്ശിക അടവാക്കിയിട്ടുണ്ടെന്നും, ആയതിനുശേഷമുള്ള കുടിശ്ശികക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-12 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും

സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു. എന്നാൽ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൽ മേൽ വിജ്ഞാപനങ്ങൾ പ്രകാരമുള്ള ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. നികുതി നിരക്ക് നിർണ്ണയിക്കാത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൽ മേൽ ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിർണ്ണയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ 7/22-12-2022 ന് ലഭ്യമാക്കിയ മറുപടിയിൽ അടുത്ത പഞ്ചായത്ത് ഭരണസമിതിയിൽ അജണ്ട വയ്ക്കുന്നതിനും, സഞ്ചയയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

### 1-13 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - അർഹമായ തുക വകയിരുത്തിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 249/22 പാലിന് സബ്സിഡി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | പൊതു വിഭാഗം/സാധാരണ വിഹിതം : 400000<br>ബ്ളോക്ക് പഞ്ചായത്ത് വിഹിതം : 150000<br>ആകെ : 550000 |
| ചെലവ് | 550000 |

| ബിൽ നമ്പർ | തിയതി | തുക |
|---|---|---|
| 1/21-22 | 27-12-2021 | 45012 |
| 2/21-22 | 27-12-2021 | 43000 |
| 3/21-22 | 28-12-2021 | 311988 |
| 4/21-22 | 08-02-2022 | 107569 |
| 5/21-22 | 08-02-2022 | 22621 |
| 6/21-22 | 08-02-2022 | 19810 |
| ആകെ | | 550000 |

ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാലിന്റെ അളവനുസരിച്ച് ലിറ്ററിന് 3 രൂപ നിരക്കിൽ സബ്സിഡി നൽകുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. ഇരുമ്പകച്ചോല, വിയ്യക്കുറിശ്ശി, പൊറ്റശ്ശേരി എന്നീ ക്ഷീര സഹകരണ സംഘങ്ങളിലായി 217 ക്ഷീരകർഷകർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ഏപ്രിൽ 2021 മുതൽ സെപ്റ്റംബർ 19, 2021 വരെയുള്ള 6 മാസങ്ങളിലെ സബ്സിഡി തുക മാത്രമാണ് നൽകിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. മുഴുവൻ മാസങ്ങളിലെയും സബ്സിഡി ക്ഷീരകർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ മതിയായ തുക വകയിരുത്താതതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം : 6/22-12-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-14 സെക്രട്ടറിയുടെ ആർജിതാവധി പണമാക്കി മാറ്റിയ നടപടി - സർക്കാർ ഉത്തരവിനു

വിരുദ്ധമായി കൈപ്പറ്റിയ തുക ക്രമീകരിക്കേണ്ടതാണ്.

സർക്കാർ, അർധ-സർക്കാർ, സർവകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം മാറ്റി വെക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

1. 2020-21 സാമ്പത്തിക വർഷത്തിൽ, സർക്കാർ, അർധ-സർക്കാർ, സർവകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള ( Periodical Surrender Of Earned Leave) അവകാശം അടുത്ത 3 മാസത്തേക്ക് മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020 നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ പറഞ്ഞ ഉത്തരവ് തീയ്യതി മുതൽ 3 മാസത്തേക്ക് ഈ അവകാശം മാറ്റിവെക്കുന്നു എന്നായിരുന്നു സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നത്. 27.04.2020-ലെ GO(P) No. 49/2020/Fin. പ്രകാരം താൽക്കാലിക ജീവനക്കാരെക്കൂടി മേൽ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തി.

2. 17.07.2020 -ലെ GO(P) No. 94/2020/Fin നമ്പർ ഉത്തരവിലൂടെ മേൽ പറഞ്ഞ ഖണ്ഡിക യിലെ ഉത്തരവ് പ്രകാരമുള്ള കാലാവധി 15.09.2020 വരെ വീണ്ടും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

3. മേൽ പറഞ്ഞ രണ്ട് ഉത്തരവുകളിലൂടെ കാലാവധി ദീർഘിപ്പിക്കപ്പെട്ട , ആർജിതാവധി സറണ്ടർ ആനുകൂല്യം, പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവമ്പർ മാസം മുതൽ അനുവദിക്കുന്നതാണെന്നും , ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു.

4.ആർജിതാവധി സറണ്ടർ ആനുകൂല്യം 01.06.2021 മുതൽ 6 മാസത്തേക്കു കൂടി ദീർഘിപ്പിച്ചു കൊണ്ട് വീണ്ടും GO(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5. GO(P) No. 160/2021/ Fin. Dated 01/12/2021 നമ്പർ ഉത്തരവ് പ്രകാരം ആർജിതാവധി സറണ്ടർ ആനുകൂല്യം 01.12.2021 മുതൽ 6 മാസത്തേക്കു കൂടി ദീർഘിപ്പിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം, 2021-22 സാമ്പത്തിക വർഷത്തിൽ പണമാക്കി മാറ്റുന്നതിനുള്ള ആർജിതാവധി സറണ്ടർ ആനുകൂല്യം 30.5.2022 വരെയുള്ള കാലയളവിലേക്ക് മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ , സർക്കാർ ഉത്തരവിനു വിരുദ്ധമായി സെക്രട്ടറി 30 ദിവസത്തെ ആർജിതാവധി പണമാക്കി മാറ്റിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കരന്റെ പേര് | ഉദ്യോഗപ്പേര് | കൈപ്പറ്റിയ തുക | വൗച്ചർ നം, തീയ്യതി |
|---|---|---|---|---|
| 1 | ശ്രീ ആന്റണി.സി | സെക്രട്ടറി | 79698 | 22100381/ 10.08.2021 |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റിയതിലൂടെ 79698 രൂപ സെക്രട്ടറി അനധികൃതമായി കൈപ്പറ്റിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി സെക്രട്ടറി ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം കൈപ്പറ്റിയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/21.12.22) മറുപടി ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കി നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റിയതിലൂടെ കൈപ്പറ്റിയ 79698 രൂപ തനത് ഫണ്ടിലേക്ക് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-15 ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ സിൽക്ക് എന്ന സ്ഥാപനത്തിൽ നിന്നും നിന്നും മിനിമാസ്റ്റ് ലൈറ്റ് വാങ്ങിയത് ക്രമപ്രകാരമല്ല

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ‘കമ്പളംചോലയിൽ

എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കൽ' എന്ന പ്രൊജക്റ്റ് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിച്ചാണോ പരിശോധിക്കുവാനാണ് ലക്ഷ്യമിട്ടത്. പരിശോധനയിലെ കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1.കുമ്പളംചോലയിൽ എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

| പ്രൊജക്റ്റ് നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 213/22 | സെക്രട്ടറി | 250000 (പദ്ധതി വിഹിതം-ജനറൽ) | 247700 | 5/1.7.21 |

25 വാട്ടിന്റെ LED തെരുവ് വിളക്കുകൾ (Manual & Automatic) സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK), തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഇൻവോയ്സ് നം. CD/20-21/R/259/10.3.2021(SILK ,THRISSUR )

| Description | Quantity | Rate | Total | CGST | SGST | TOTAL |
|---|---|---|---|---|---|---|
| Supply & Installation Of 25W LED Street Light (Manual) With All Accessories And Installation | 35 | 2767.85 | 96874.75 | 5812.49 | 5812.49 | 108500 |
| Supply & Installation Of 25W LED Street Light (Manual) With All Accessories And Installation | 40 | 3107.14 | 124285.6 | 7457.14 | 7457.14 | 139200 |
| Total | | | 221160 | 13270 | 13270 | 247700 |

അക്രഡിറ്റഡ് ഏജൻസികളുടെ ചുമതലകൾ

04-07-2019ലെ G.O.(P)നം. 77/2019/ഫിൻ ഉത്തരവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 34 പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് SILK എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള

സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ SILK ന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവു വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല എന്ന് വിലയിരുത്തുന്നു.

ആസൂത്രണം, നിർവ്വഹണം

അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് മുഖേന വാങ്ങൽ നടത്തുന്നതിനാണ് പ്രോജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. മേൽ ഉത്തരവുകൾ ഒന്നും പരിഗണിക്കാതെയാണ് സിൽക്കിൽ നിന്നും മിനി മാസ്റ്റ് ലൈറ്റുകൾ നേരിട്ട് വാങ്ങുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയത്. പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പിൽ പ്രോജക്റ്റിന്റെ കൃത്യത ചർച്ച ചെയ്തിട്ടുമില്ല. പ്രോജക്റ്റിനനുസരിച്ചാണ് തുടർന്നുള്ള തീരുമാനങ്ങൾ ഉണ്ടായിട്ടുള്ളത്.

ആസൂത്രണത്തിലെ പാളിച്ചയാണ് നിർവ്വഹണത്തിലെ വീഴ്ചക്ക് കാരണമായിട്ടുള്ളത്. നിർവ്വഹണം നടത്തുന്നതിനു മുമ്പായി വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ, വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥനോ പ്രോജക്റ്റിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

സപ്ലൈ ചെയ്തതിന്റെ വിവരം

ലഭ്യമാക്കിയ ബിൽ പ്രകാരം SILK ൽ നിന്നും നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളത് എന്നാണ് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നത്.

ടെണ്ടർ കൂടാതെ മിനിമാസ്റ്റ് നേരിട്ട് വാങ്ങുന്നതിനു മുമ്പായി SILK മായി ചർച്ച ചെയ്ത് നിരക്ക് നിശ്ചയിക്കുകയോ, മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുകയോ ചെയ്തിട്ടില്ല.

എഗ്രിമെന്റ്

5.11.2020 ന് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. (എഗ്രിമെന്റ് നമ്പർ 65/2020-21 Dt 05-11-20 )

ജി.ഒ(പി)നം.7/2019/എസ്.പി.ഡി 26-4-2019 പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖ.19.3 ൽ ഭേദഗതി വരുത്തുകയും 25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള, സാധനങ്ങളുടെ വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E-Marketplace (GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്റ്റോറിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഇനം GeM ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങേണ്ടതുമാണ്, എന്നാൽ ആയത് പരിശോധിച്ചിട്ടില്ല.

സ.ഉ.(സാധാ) നം.1978/2020/ത.സ്വ.ഭ.വ തീയതി.21.10.2020 ലെ ഉത്തരവിൽ സ.ഉ.(പി) നം.95/2017 /ധന.തീയതി 25.07.2017 പ്രകാരം പുറപ്പെടുവിച്ച അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ തദ്ദേശ സ്ഥാപനങ്ങളും കർശനമായും പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്.

1) ടെണ്ടർ നടപടികൾ പാലിക്കാതെ SILK ൽ നിന്നും ലാമ്പുകൾ നേരിട്ട് വാങ്ങി.

2) ടെണ്ടർ നടപടികൾ കൂടാതെ തെരുവു വിളക്കുകൾ SILK ൽ നിന്നും നേരിട്ട് വാങ്ങുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല.

3)സിൽക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറുകാരനെ തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്തിനെ അറിയിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4) എല്ലായിടത്തും ഒരേ ഊർജ്ജ ക്ഷമതയുള്ള ലൈറ്റുകൾ സ്ഥാപിക്കുന്നതിന് മുൻപ് സാധ്യതാ പഠനം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5) തെരുവു വിളക്കുകൾ SILK ഉല്പാദിപ്പിക്കുന്നവയാണെന്ന സാക്ഷ്യപത്രം ഇല്ല.

6) SILK സമർപ്പിച്ച നിരക്ക്, മാർക്കറ്റ് നിരക്കുമായി ഒത്തു പോകുന്നതാണോ എന്ന് പരിശോധിക്കുകയോ, നെഗോഷിയേഷൻ നടത്തുകയോ ചെയ്തതായി കാണുന്നില്ല.

7) പ്രസ്തുത തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് കെ.എസ്.ഇ.ബി യുടെ സാക്ഷ്യപത്രം ഹാജരാക്കിയില്ല. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം (9/22.12.22) നൽകിയിരുന്നുവെങ്കിലും മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 247700 രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സിൽക്ക്, ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറുകാരനെ തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്തിനെ അറിയിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. പി.എം.സി യും കരാറുകാരനും തമ്മിലുള്ള എഗ്രിമെന്റിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. കരാറുകാരന് ഗ്രാമപഞ്ചായത്തിൽ നിന്നും തുക നൽകുന്നതിനു പകരം സിൽക്കിന് നേരിട്ട് തുക നൽകിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

2. വാങ്ങലുകളിൽ സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യുർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കേണ്ടതാണ്.
3. അർഹതയില്ലാത്ത സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങുന്നത് ഒഴിവാക്കേണ്ടതാണ്.

4. ജി.ഒ(പി)നം.7/2019/എസ്.പി.ഡി 26-4-2019 പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖ.19.3 ൽ ഭേദഗതി വരുത്തുകയും 25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള, GeM ലഭ്യമായ സാധനങ്ങളുടെ വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E-Marketplace(GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്റ്റോറിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഇനം GeM ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 തെരുവ് വിളക്ക് പരിപാലനം-എല്ലാ വിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തേണ്ടതും സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.
ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജായി 2021-22 ൽ പ്രതിമാസം 36,939/- രൂപ ഒടുക്കിവരുന്നുണ്ട്. കൂടാതെ വിവിധ ഹൈമാസ്റ്റ് ലാമ്പുകളുടെ വൈദ്യുതിചാർജ്ജിനത്തിലും പഞ്ചായത്ത് തുക അടവാക്കുന്നുണ്ട്. വൈദ്യുതി ബോർഡിന്റെ സഹായത്താൽ സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെയും എണ്ണം, തരം എന്നിവയുടെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കാനും തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്താനും 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-32 ൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ആയതിനാൽ നിലവിൽ അടവാക്കുന്ന തുകയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല.തെരുവു വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ കൈവശമുള്ള കാലഹരണപ്പെട്ടതും കൃത്യതയില്ലാത്തതുമായ കണക്കനുസരിച്ചാണ്.

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി) പ്രകാരം

സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ .ബി . യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപ്പെടുത്തിയിട്ടുള്ളതിന്റെ വിവരം , മീറ്ററിംഗ് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/13.04.22) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോളും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോളും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3. അറ്റകുറ്റപണികൾക്ക് ആവശ്യകത വിലയിരുത്തി മാത്രം എ.എം.സി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്യാരന്റി/ വാരന്റി കാലയളവിലുള്ള വിളക്കുകൾ എ.എം.സിയിൽ ഉൾപ്പെടുത്താതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

4.എല്ലാ തെരുവ് വിളക്കുകളും മീറ്റർ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

5.തെരുവ് വിളക്ക് സാമഗ്രികൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്ററും , രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവയും സൂക്ഷിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണ സമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-17 ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതെ സിഡ്‌കോയിൽ നിന്നും നേരിട്ട് വാങ്ങിയത് ക്രമവിരുദ്ധം

വനിത കാന്റിനിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്ട് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| 214 | 300000 | 277014 | 27/17.9.21 |

പ്രസ്തുത പ്രൊജക്ടിൽ വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനാവശ്യമായ സാധനങ്ങൾ സിഡ്‌കോയിൽ നിന്നും നേരിട്ട് വാങ്ങുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആയത് പ്രകാരം 56 സാധനങ്ങൾ (ഫ്രിഡ്ജ്, സ്റ്റീൽ ടേബിൾ, ഡൈനിംഗ് ടേബിൾ, വിവിധ ഇനം പാത്രങ്ങൾ) സിഡ്‌കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ PKD/21-22/6 Dt 17.08.21)

വാങ്ങൽ പദ്ധതികൾക്ക് അവലംബിച്ചിട്ടുള്ള നടപടിക്രമങ്ങൾ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010, സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018/ ത.സ്വ.ഭ.വ/14.02.2018 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

1) G.O (Rt) No. 33/2017/SPD Dt 17.06.2017 പ്രകാരം സിഡ്‌കോ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വാങ്ങാവുന്നതാണ്. വാങ്ങുന്ന ഫർണ്ണിച്ചറിന്റെ വില G.O (Rt) No. 26/2015/SPD Dt 28.05.2015 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള വിലയിൽ നിന്നും അധികമാകാതെ വാങ്ങാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രൊജക്റ്റ് പ്രകാരം വാങ്ങിയ ഫർണ്ണിച്ചറിന്റെ സ്പെസിഫിക്കേഷനോ വിലയോ മേൽ ഉത്തരവ് പ്രകാരമുള്ള സാമഗ്രികളുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ മേൽ വാങ്ങലുകൾ സിഡ്‌കോയിൽ നിന്ന് നേരിട്ട് നടത്തിയത് ടെണ്ടർ

നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്. സിഡ്കോ നേരിട്ട് നിർമ്മിക്കാത്ത ഫ്രിഡ്ജ്, അടുക്കള ഉപകരണങ്ങൾ മുതലായവയും സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്.

2) സർക്കാർ ഉത്തരവ് GO(P) 7/2019/SPD/26.4.2019 പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(13/22/12/22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 277014 രൂപ തടസ്സപ്പെടുത്തുന്നു.

1-18 മുട്ടക്കോഴി വളർത്തൽ ബില്ലുകൾ ഹാജരാക്കിയില്ല

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥയായി 2021-22 വർഷത്തിൽ നടപ്പിലാക്കിയ മുട്ടക്കോഴി വളർത്തൽ ബന്ധപ്പെട്ടുള്ള അപാകതകൾ താഴെ പറയുന്നു.

| പ്രൊജക്റ്റിന്റെ നം./പേര് | അടങ്കൽ | ബിൽ/ചെക്ക് നം. | തുക |
|---|---|---|---|
| 229/21-22 മുട്ടക്കോഴി വളർത്തൽ ജനറൽ | വികസന ഫണ്ട്-ജനറൽ 327713 | 4/21-22 -7.2.22<br>1/21222.17.1.22 | 49800<br>210000 |
| | ആകെ 327713 | | ആകെ 259800 |

കണ്ണൂർ ജില്ലയിൽ നിലവിൽ പ്രവർത്തിച്ച കൊണ്ടിരിക്കുന്ന അംഗീകൃത എഗ്ഗർ നഴ്സറിയായ മിനർവ്വ എഗ്ഗർ നഴ്സറിയിൽ നിന്നുമാണ് മുട്ടക്കോഴി വാങ്ങിയത്. എന്നാൽ 49800 രൂപയുടെ ബിൽ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ആയതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/23.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഹാജരാക്കാത്ത ബില്ലുകൾ പ്രകാരമുള്ള 210000 രൂപയുടെ ചെലവ് 1997 കേ.പ.രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും)ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം തടസ്സത്തിൽ വയ്ക്കുന്നു.

1-19 സബ്സിഡി തുക നൽകിയത് ബില്ലുകൾ പൂർണ്ണമായും ഹാജരാക്കേണ്ടതാണ്

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൽ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ നിർവഹണത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(സാധാ)നം.1009/2020/ത.സ്വ.ഭ.വ തിയതി 29.5.2020 ഖ. 4.2.2 ,4.3.2 എന്നിവ പ്രകാരം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% ആണ് സബ്സിഡി അനുവദിക്കുന്നത്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്. ഗുണഭോക്താക്കൾക്ക് നൽകിയ സബ്സിഡി സംബന്ധിച്ച വിശദാംശങ്ങളും യൂണിറ്റ് കോസ്റ്റും സബ്സിഡിയും താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | യൂണിറ്റ് നിരക്ക് | പരമാവധി സബ്സിഡി ( 40%) | | | ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|---|---|
| | | | തദ്ദേശഭരണ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | |
| 228/22<br>വികസന ഫണ്ട് - പൊതു വിഭാഗം<br>അടങ്കൽ -738000<br>ചെലവ് - | വീട്ടുവളപ്പിലെ കുളത്തിൽ മീൻ വളർത്തൽ | 123000 | 32800 | 16400 | 49200 | 73800 |

| | | | | | | |
|---|---|---|---|---|---|---|
| | 191095 | | | | | |

6 ഗുണഭോക്താക്കൾ ഹാജരാക്കിയ 542918 അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് 191095 രൂപ സബ്സിഡിയായി ( ബിൽ നം.2121035202 / 17.11.22) നൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പ് 97064 ഗുണഭോക്താക്കൾക്ക് സബ്സിഡി തുകയായി നൽകിയിട്ടുണ്ടെങ്കിലും ആയത് സാധൂകരിക്കുന്ന രേഖകളോ 248060 രൂപയുടെ ബില്ലുകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

